ചുരുക്കത്തിൽ

കെ വി അബ്ദുൾ ഖാദർ പ്രവാസി ക്ഷേമ ബോർഡ് ചെയർമാൻ

തിരുവനന്തപുരം

കേരള പ്രവാസി ക്ഷേമ ബോർഡ് ചെയർമാനായി കെ വി അബ്ദുൾ ഖാദറിനെ നിയമിച്ച് ഉത്തരവായി. മൂന്നു തവണ ഗുരുവായൂരിൽനിന്ന് നിയമസഭാംഗമായ അദ്ദേഹം കേരള പ്രവാസി സംഘം ജനറൽ സെക്രട്ടറിയാണ്. സിപിഐ എം തൃശൂർ ജില്ലാ സെക്രട്ടറിയറ്റംഗവും എൽഡിഎഫ് ജില്ലാ കൺവീനറുമാണ്. കേരള വഖഫ് ബോർഡ് ചെയർമാൻ, കേന്ദ്ര വഖഫ് കൗൺസിൽ അംഗം, ആരോഗ്യ സർവകലാശാല സെനറ്റംഗം എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്. ദേശാഭിമാനി ലേഖകനായും പ്രവർത്തിച്ചു. ഷെറീനയാണ് ഭാര്യ. മക്കൾ: അഖിൽ, അജീഷ.

എൻ അജിത്കുമാർ, ജോർജ് വർഗീസ്, വിൽസൺ ജോർജ്, സുധീർ എലന്തോളി, എൻ വി ബാദുഷ, കെ സി സജീവ്, നോർക്ക, നിയമ, തൊഴിൽ വകുപ്പ് സെക്രട്ടറിമാർ, ധനവകുപ്പ് അഡീഷണൽ സെക്രട്ടറി, ഒഡെപെക് എംഡി, പ്രവാസി ക്ഷേമബോർഡ് സിഇഒ, നോർക്ക റൂട്ട്സ് സിഇഒ എന്നിവരാണ് ഡയറക്ടർമാർ.

ഒറ്റപ്പെട്ട മഴ തുടരും

തിരുവനന്തപുരം

സംസ്ഥാനത്ത് വെള്ളിവരെ ഒറ്റപ്പെട്ട മഴ തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. ബുധൻ പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ മഞ്ഞ അലർട്ട് (ശക്തമായ മഴ) പ്രഖ്യാപിച്ചു. കേരളം, കർണാടക തീരങ്ങളിൽ മീൻപിടിത്തത്തിനു തടസ്സമില്ല; ലക്ഷദ്വീപ് തീരത്ത് വിലക്കുണ്ട്.

അറ്റകുറ്റപ്പണി ഇരുപത്തേഴിനകം പൂർത്തിയാക്കണം

സ്കൂൾ ജൂൺ 1ന് തുറക്കും

- സംസ്ഥാന പ്രവേശനോത്സവം മലയിൻകീഴ് ഗവ. ബോയ്സ് എൽപിഎസിൽ
- തയ്യാറെടുപ്പുകൾ വിലയിരുത്താൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 22ന് മന്ത്രിതല യോഗം
- ലഹരിവിരുദ്ധ ക്യാമ്പയിൻ ശക്തമാക്കും

സ്വന്തം ലേഖിക

കൊച്ചി

സംസ്ഥാനത്ത് സ്കൂളുകൾ ജൂൺ ഒന്നിന് തുറക്കുമെന്ന് പൊതുവിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി അറിയിച്ചു. തിരുവനന്തപുരം മലയിൻകീഴ് ഗവ. ബോയ്സ് എൽപിഎസിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രവേശനോത്സവത്തിന്റെ സംസ്ഥാന ഉദ്ഘാടനം നിർവഹിക്കും. കൈറ്റ് വിക്ടേഴ്സ് ചാനൽവഴി എല്ലാസ്കൂളിലും ഉദ്ഘാടനച്ചടങ്ങ് തത്സമയം പ്രദർശിപ്പിക്കും. സ്കൂളുകളിൽ ജനപ്രതിനിധികൾ അടക്കമുള്ളവരുടെ നേതൃത്വത്തിൽ പരിപാടികൾ നടക്കുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

47 ലക്ഷം കുട്ടികളാണ് ഈ വർഷം പൊതുവിദ്യാലയങ്ങളിലെത്തുന്നത്. അടിസ്ഥാനസൗകര്യ വികസനത്തിൽ വലിയ മുന്നേറ്റമുണ്ടായി. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ ഇരുപത്തേഴിനകം പൂർത്തിയാക്കണം. ഉദ്യോഗസ്ഥതലത്തിൽ യോഗംചേർന്ന് പ്രവർത്തനപദ്ധതി രൂപീകരിക്കണം. ജില്ലാ ടീം ഓരോ സ്കൂളിലെയും പ്രവർത്തനങ്ങളിൽ ഇടപെടണം. തയ്യാറെടുപ്പുകൾ വിലയിരുത്താൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 22ന് മന്ത്രിതല യോഗം ചേരും.

സ്കൂളുകളിൽ സമ്പൂർണ ശുചീകരണ പദ്ധതിയായ 'ഗ്രീൻ ക്യാമ്പസ്, ക്ലീൻ ക്യാമ്പസി'ന്റെ സംസ്ഥാന ഉദ്ഘാടനം 21ന് കരമന ഗവ. ഹയർസെക്കൻഡറി സ്കൂളിൽ നടക്കും. അടഞ്ഞുകിടന്ന സ്കൂളുകളിൽ ഇഴജന്തുക്കൾ കയറിയിട്ടില്ലെന്ന് ഉറപ്പാക്കണം. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതെ തുറക്കരുത്. കുട്ടികൾക്കിടയിൽ ലഹരിവിരുദ്ധ ക്യാമ്പയിൻ ശക്തമാക്കുമെന്നും മന്ത്രി പറഞ്ഞു.

ഉദ്ഘാടനം 23ന്

96 സ്കൂൾകൂടി സ്മാർട്ട്

കൊച്ചി



സംസ്ഥാനത്ത് 96 പുതിയ സ്കൂൾ കെട്ടിടങ്ങൾ 23ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് പൊതുവിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി പറഞ്ഞു. കണ്ണൂർ മുഴപ്പിലങ്ങാട് ജിഎച്ച്എസ്എസിലാണ് സംസ്ഥാന ഉദ്ഘാടനം. ജില്ലകളിൽ അതത് മന്ത്രിമാർ പങ്കെടുക്കും.

58 കോടി രൂപ ചെലവിട്ടാണ് സ്കൂൾ കെട്ടിടങ്ങൾ നിർമിച്ചത്. ഇടുക്കിയിലെ വിവിധ സ്കൂളുകളിൽ മൂന്ന് ടിങ്കറിങ് ലാബും ഉദ്ഘാടനം ചെയ്യും. 30 ലക്ഷം രൂപയാണ് നിർമാണച്ചെലവ്. 32.50 കോടിയിൽ നിർമിക്കുന്ന 11 പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് തറക്കല്ലിടും. കിഫ്ബി ഫണ്ടിൽ അഞ്ചു കോടി രൂപവീതം വിനിയോഗിച്ച് 126 സ്കൂൾ കെട്ടിടങ്ങളും മൂന്നു കോടിവീതം വിനിയോഗിച്ച് 153 സ്കൂൾ കെട്ടിടങ്ങളും ഒരുകോടി രൂപ വീതം ചെലവിട്ട് 98 സ്കൂൾ കെട്ടിടങ്ങളും ഇതുവരെ പൂർത്തിയാക്കി. പ്ലാൻ ഫണ്ട്, നബാർഡ് ഫണ്ട്, മറ്റു ഫണ്ടുകൾ തുടങ്ങിയവ ഉപയോഗിച്ച് നിർമിച്ച നിരവധി കെട്ടിടങ്ങൾ ഇതിനകം ഉദ്ഘാടനം ചെയ്തതായും മന്ത്രി പറഞ്ഞു.

സ്ത്രീകളെ ശല്യംചെയ്തത് ചോദ്യംചെയ്തു

ട്രെയിൻ യാത്രികന് കുത്തേറ്റു; അക്രമി പിടിയിൽ

ഷൊർണൂർ

പരിക്കേറ്റ ദേവദാസ്

പ്രതി സിയാദ്

മദ്യപിച്ച് സ്ത്രീകളെ ശല്യംചെയ്തത് ചോദ്യംചെയ്ത ട്രെയിൻ യാത്രികന് കുത്തേറ്റു. ഞായർ രാത്രി 10.40ന് മരുസാഗർ എക്സ്പ്രസ് ഷൊർണൂരിലെത്തിയപ്പോഴായിരുന്നു അക്രമം. പരപ്പനങ്ങാടി ചെറമംഗലം അച്ഛൻപാട്ട് വീട്ടിൽ ദേവദാസിനാണ് (46) കുത്തേറ്റത്. പ്രതി ഗുരുവായൂർ തൈക്കാട് രായ് മരയ്ക്കാർ വീട്ടിൽ സിയാദിനെ (33) റെയിൽവേ പൊലീസ് അറസ്റ്റ് ചെയ്തു.

ആലുവയിൽനിന്നാണ് സിയാദ് ട്രെയിനിലെ ജനറൽ കമ്പാർട്ട്മെന്റിൽ കയറിയത്. ദേവദാസ് അടങ്ങുന്ന ബാൻഡ് സംഘം തൃശൂരിൽനിന്നും. സിയാദ് സ്ത്രീകളെ ശല്യപ്പെടുത്തിയത് ദേവദാസും കൂടെയുണ്ടായിരുന്നവരും ചോദ്യംചെയ്തതോടെ തർക്കമായി. പ്രകോപിതനായ സിയാദ് ട്രെയിൻ ഷൊർണൂരിൽ പിടിച്ചിട്ടപ്പോൾ ട്രാക്കിൽ ഇറങ്ങി അവിടെയുണ്ടായിരുന്ന കുപ്പിപ്പൊട്ടിച്ച് വീണ്ടുംകയറി ദേവദാസിനെ കുത്തുകയായിരുന്നു. മുഖത്ത് പരിക്കേറ്റ ദേവദാസിനെ വാണിയംകുളം സ്വകാര്യ ആശുപത്രിയിൽ പ്രാഥമിക ചികിത്സനൽകി തൃശൂരിലെ ആശുപത്രിയിലേക്ക് മാറ്റി. ഷൊർണൂരിൽ നിർത്തിയിരുന്ന മെമു ട്രെയിനിൽ രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെയാണ് സിയാദിനെ എസ്ഐ അനിൽമാത്യുവിന്റെ നേതൃത്വത്തിലാണ് പിടികൂടിയത്. വധശ്രമത്തിന് കേസെടുത്തു.

ബിജെപിയെ പരാജയപ്പെടുത്തുക ലക്ഷ്യം

തിരുവനന്തപുരം

ഓരോ സംസ്ഥാനത്തെയും ബിജെപി വിരുദ്ധവോട്ടുകൾ കേന്ദ്രീകരിക്കുംവിധം പ്രാദേശിക ഐക്യം രൂപപ്പെടുത്തി മുന്നോട്ടുപോകാനാവണമെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. കോൺഗ്രസിന്റെയും ഇടതുപക്ഷത്തിന്റെയും പ്രാദേശിക പാർടികളുടെയുമെല്ലാം നേതൃത്വത്തിൽ 2024ലെ തെരഞ്ഞെടുപ്പിൽ ബിജെപിയെ പരാജയപ്പെടുത്തണമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

കർണാടകയിൽ കോൺഗ്രസിനുള്ളിൽ വലിയ സംഘർഷങ്ങൾ നടന്നെങ്കിലും ജനങ്ങൾ ബിജെപിയെ പരാജയപ്പെടുത്താൻ ആഗ്രഹിച്ചു. ബിജെപിയാണ് ഏറ്റവും വലിയ അപകടം. ദക്ഷിണേന്ത്യയിൽനിന്ന് അവരെ തൂത്തെറിയാനായി. രാജ്യത്താകെ അവരെ പ്രതിരോധിക്കാനുള്ള ഊർജമാണ് കർണാടക തെരഞ്ഞെടുപ്പിലൂടെ നേടാനായത്. ബിജെപിയെ തകർക്കാനാവുക കോൺഗ്രസിനുമാത്രമാണെന്നത് കേവല വാദമാണ്. കോൺഗ്രസിനെ അറിയുന്നവർക്ക് അത് മനസിലാകും. തർക്കം അവസാനിപ്പിച്ച് കർണാടകയിൽ സർക്കാർ രൂപീകരിക്കണം. സ്വന്തം താൽപ്പര്യങ്ങൾക്കുപരി ബിജെപി വിരുദ്ധ രാഷ്ട്രീയത്തിന് ഊന്നൽ നൽകാൻ കോൺഗ്രസ് നേതാക്കൾ തയ്യാറാകണം– എം വി ഗോവിന്ദൻ പറഞ്ഞു.

പ്രതിപക്ഷത്തെ നയിക്കാനുള്ളശേഷി കോൺഗ്രസിനില്ല

കോഴിക്കോട്

രാജ്യത്ത് പ്രതിപക്ഷത്തിനെയാകെ നയിക്കാനുള്ളശേഷി കോൺഗ്രസിനില്ലെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞദിവസംവന്ന വാർത്ത തെറ്റാണെന്നും തന്റെ വാക്കുകൾ വളച്ചൊടിക്കുകയായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ചുരുക്കംചില സംസ്ഥാനങ്ങളിൽ മാത്രമാണ് കോൺഗ്രസിന് സ്വാധീനം. രാജ്യംമുഴുവൻ വിജയംനേടാനുള്ള ശക്തിയില്ല. ആ ദൗർബല്യം അവർ മനസ്സിലാക്കണം. പ്രതിപക്ഷത്തെ നയിക്കാൻ കോൺഗ്രസിനെ ആരും ചുമതലപ്പെടുത്തിയിട്ടില്ല. പ്രതിപക്ഷ പാർടിയെന്നനിലയ്ക്ക് കോൺഗ്രസിന് ഉത്തരവാദിത്വങ്ങളും കടമകളും ഉണ്ടെന്നാണ് പറഞ്ഞത്. ഓരോ സംസ്ഥാനത്തെയും രാഷ്ട്രീയ സാഹചര്യവും പ്രാദേശിക പാർടികളുടെ സ്വാധീനവും പരിഗണിച്ചാണ് നിലപാട് സ്വീകരിക്കേണ്ടത്. മതനിരപേക്ഷതയിലും ഭരണഘടനയിലും വിശ്വസിക്കുന്ന ജനാധിപത്യപാർടികളുടെ മുൻകൈയോടെയാണ് ബിജെപിയെ പുറത്താക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

234.86 കോടിയുടെ പദ്ധതികൾക്ക് അനുമതി

- ബജറ്റ് പ്രാബല്യത്തിൽവന്ന് 45 ദിവസത്തിനകം
- വികസനത്തിന് ഗതിവേഗം
- ചരിത്രനേട്ടവുമായി പൊതുമരാമത്ത് വകുപ്പ്

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ബജറ്റ് പ്രാബല്യത്തിൽവന്ന് 45 ദിവസത്തിനകം 234.86 കോടി രൂപയുടെ 83 പ്രവൃത്തിക്ക് ഭരണാനുമതി നൽകി ചരിത്രനേട്ടവുമായി പൊതുമരാമത്ത് വകുപ്പ്. ഇതിൽ 234.36 കോടി രൂപ നിരത്ത് വിഭാഗത്തിനുള്ള 82 പദ്ധതിക്കാണ്. 50 ലക്ഷം രൂപ ഒരു പാലം നവീകരിക്കാനും.

ബജറ്റിൽ ഉൾപ്പെടാത്ത 7.51 കോടി രൂപയുടെ രണ്ട് പാലത്തിനും 50 ലക്ഷം രൂപയുടെ കെട്ടിടത്തിനും അനുമതിയായി. 198.69 കോടി രൂപയുടെ 26 എണ്ണം ധനവകുപ്പിന്റെ പരിശോധനയ്ക്ക് കൈമാറി. പൊതുമരാമത്ത് പദ്ധതികൾ അതിവേഗം പൂർത്തിയാക്കാൻ പ്രവൃത്തി കലണ്ടർ നടപ്പാക്കുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ് പ്രഖ്യാപിച്ചിരുന്നു. സ്ഥലം ഏറ്റെടുക്കലും പരിശോധനയും ആവശ്യമില്ലാത്തവയ്ക്ക് ജൂണിനു മുമ്പ് ഭരണാനുമതി ലഭ്യമാക്കാനും നിർദേശിച്ചു. ഇതുപ്രകാരം സമർപ്പിച്ച അടങ്കൽ തുക പരിശോധിച്ചാണ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി തിങ്കളാഴ്ച ഉത്തരവ് ഇറക്കിയത്.

STOP
UNDER CONSTRUCTION

> ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് നിശ്ചിത സമയത്തിനകം സാങ്കേതിക അനുമതി നൽകാൻ നിർദേശം നൽകി. കൂടുതൽ പദ്ധതികളുള്ള നിരത്ത് വിഭാഗത്തിൽ ഇതിനായി പ്രത്യേക ക്രമീകരണം ഏർപ്പെടുത്തും. പദ്ധതികൾ കൃത്യമായി ആരംഭിക്കുന്നുവെന്ന് ഉറപ്പാക്കും

ദേശീയ രാഷ്ട്രീയമല്ല; കോൺഗ്രസിന് പ്രധാനം ഡിവൈഎഫ്ഐ വിരോധം

- യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിൽ കെ മുരളീധരൻ പങ്കെടുക്കുന്നത് സുധാകരൻ വിലക്കി

പ്രത്യേക ലേഖകൻ

കൊച്ചി

യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ സംവാദത്തിൽ പങ്കെടുക്കുന്നതിൽനിന്ന് കെ മുരളീധരനെ വിലക്കിയതിലൂടെ കോൺഗ്രസ് പാഴാക്കിയത് ദേശീയ രാഷ്ട്രീയത്തിലെ ബിജെപി വിരുദ്ധ മുന്നേറ്റം ചർച്ചചെയ്യാനുള്ള അവസരം. കർണാടകത്തിൽ ബിജെപിക്ക് തിരിച്ചടിയേറ്റതിന്റെ അടുത്തദിവസമായിരുന്നു 'ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പ്രതീക്ഷകളും ആശങ്കകളും' സംവാദം.

സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ, കോൺഗ്രസ് നേതാവ് കെ മുരളീധരൻ എംപി, മുസ്ലിംലീഗ് നേതാവ് പി കെ കുഞ്ഞാലിക്കുട്ടി എന്നിവരാണ് ഞായറാഴ്ച സംവാദത്തിൽ പങ്കെടുക്കുമെന്ന് അറിയിച്ചിരുന്നത്. കുടുംബാംഗത്തിന് സുഖമില്ലാത്തതിനാൽ എത്താനാകില്ലെന്ന് പി കെ കുഞ്ഞാലിക്കുട്ടി തലേദിവസം അറിയിച്ചു. പകരം ലീഗ് സംസ്ഥാന സെക്രട്ടറി അഡ്വ. മുഹമ്മദ് ഷാ എത്തുമെന്നും പറഞ്ഞു. കെ മുരളീധരൻ എത്തില്ലെന്ന് സംവാദ ദിവസമാണ് അറിയിച്ചത്. പങ്കെടുക്കരുതെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ നിർദേശിച്ചതായും പറഞ്ഞു. മാധ്യമങ്ങളോടും ഇക്കാര്യം പങ്കുവച്ചു.

എം വി ഗോവിന്ദനും ലീഗ് പ്രതിനിധിയായി മുഹമ്മദ് ഷായും പങ്കെടുത്ത സംവാദം ഏറെ ശ്രദ്ധേയമായി. ബിജെപിക്ക് ശക്തിയുള്ള സംസ്ഥാനങ്ങളിൽ മതനിരപേക്ഷ വോട്ടുകൾ ഭിന്നിക്കാതിരിക്കേണ്ടതിന്റെ പ്രാധാന്യവും വർഗീയതയ്ക്ക് എതിരായ നിലപാടുകളും ചർച്ച ചെയ്തു.

സിപിഐ എം 23–ാം പാർടി കോൺഗ്രസിനോടനുബന്ധിച്ച് കണ്ണൂരിൽ നടന്ന സെമിനാറിൽ പങ്കെടുക്കുന്നതിൽ ശശി തരൂരിനെ കോൺഗ്രസ് വിലക്കിയിരുന്നു. പങ്കെടുത്ത കെ വി തോമസിനെ പുറത്താക്കി. സംഘപരിവാർ വേദികളെ വിലക്കാത്തവരാണ് സിപിഐ എം വേദികളെ വിലക്കുന്നതെന്ന് അന്ന് കെ വി തോമസ് പറഞ്ഞിരുന്നു.

എം വി ഗോവിന്ദന്റെ വാക്കുകൾ വളച്ചൊടിച്ച് മീഡിയവൺ, വിവാദമായപ്പോൾ മാപ്പപേക്ഷ

പ്രത്യേക ലേഖകൻ

കൊച്ചി

യുവധാര ലിറ്ററേച്ചർ ഫെസ്റ്റിവൽ സംവാദത്തിൽ പങ്കെടുത്ത സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദന്റെ വാക്കുകൾ വളച്ചൊടിച്ച് മീഡിയവൺ ചാനലിന്റെ 'ബ്രേക്കിങ് ന്യൂസ്'. നുണവാർത്ത സംഘപരിവാർ സമൂഹമാധ്യമ ഗ്രൂപ്പുകൾ ഏറ്റെടുത്തതോടെ ചാനൽ ഫെയ്സ്ബുക്ക് പേജിൽ ക്ഷമാപണവുമായി എഡിറ്റർ എത്തി. അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് തോറ്റ് തുന്നംപാടുമെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി പറഞ്ഞെന്നാണ് മീഡിയവൺ ഞായർ വൈകിട്ട് വാർത്ത നൽകിയത്. 'ഇന്ത്യൻ രാഷ്ട്രീയം–പ്രതീക്ഷകളും ആശങ്കകളും' സംവാദത്തിലെ വാക്കുകൾ വളച്ചൊടിച്ചും ഒരുവരി മാത്രം എടുത്തുമാണ് വാർത്തയുണ്ടാക്കിയത്. അടുത്ത തെരഞ്ഞെടുപ്പിൽ ബിജെപി ജയിക്കുമെന്ന് അർഥം വരത്തക്കവിധമായിരുന്നു ചാനലിന്റെ അവതരണം. വാർത്ത ഉടൻ സംഘപരിവാർ ഗ്രൂപ്പുകൾ ഏറ്റെടുത്തു.

'ദക്ഷിണേന്ത്യയിലെ ബിജെപി ഭരണം അവസാനിപ്പിക്കാൻ കഴിഞ്ഞതാണ് കർണാടക തെരഞ്ഞെടുപ്പുഫലം നൽകുന്ന ആഹ്ലാദം. രാജ്യത്ത് 37 ശതമാനം വോട്ടുമാത്രമാണ് ബിജെപിക്കുള്ളത്. ബാക്കിയുള്ള മതനിരപേക്ഷ വോട്ടുകളെ ഒന്നിച്ചുനിർത്താൻ കഴിയാത്തതാണ് ബിജെപി ജയിക്കുന്നതിനു കാരണം. അടുത്ത തെരഞ്ഞെടുപ്പിൽ ബിജെപിക്കു ശക്തിയുള്ള സംസ്ഥാനങ്ങളിൽ, അവിടുത്തെ വലിയ മതനിരപേക്ഷ കക്ഷി മുൻകൈയെടുത്ത് മതനിരപേക്ഷ വോട്ടുകൾ ഭിന്നിച്ചുപോകാതിരിക്കാൻ കഴിഞ്ഞാൽ ബിജെപിയെ തോൽപ്പിക്കാം. കോൺഗ്രസ് ഉൾപ്പെടെയുള്ള കക്ഷികൾ ഇതിനു ശ്രമിക്കണം. കോൺഗ്രസിനുമാത്രമായി ബിജെപിയെ തോൽപ്പിക്കാനുള്ള ശക്തിയില്ല. ബിജെപിയെ തോൽപ്പിക്കാൻ അവർക്ക് ഒറ്റയ്ക്ക് കഴിയുമെന്നു കരുതിയാൽ വലിയ തോൽവിയാകും അവർക്ക് ഏറ്റുവാങ്ങേണ്ടിവരിക' –സംവാദത്തിൽ എം വി ഗോവിന്ദൻ പറഞ്ഞത് ഇതാണ്. ചാനലിന്റെ ക്ഷമാപണത്തിലും കാര്യം വ്യക്തമല്ല. 'യുവധാര ലിറ്ററേച്ചർ ഫെസ്റ്റിവലിൽ എം വി ഗോവിന്ദൻ സംസാരിച്ചത് റിപ്പോർട്ട് ചെയ്യുമ്പോൾ സൂക്ഷ്മതക്കുറവ് ഉണ്ടായിട്ടുണ്ട്. അതിൽ നിർവ്യാജം ഖേദിക്കുന്നു. എം വി ഗോവിന്ദന്റെ വാക്കുകൾ പൂർണമായി മീഡിയവൺ ഫെയ്സ്ബുക്ക് പേജിലുണ്ട്' എന്ന തിരുത്ത് നൽകി തലയൂരുകയായിരുന്നു. ചാനൽ എഡിറ്റർ പ്രമോദ് രാമനും ഫെയ്സ്ബുക്ക് പേജിൽ തിരുത്ത് ഇട്ടിട്ടുണ്ട്.



mediaoneonline.com

സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ ഇന്നലെ കൊച്ചിയിൽ നടന്ന യുവധാര ലിറ്ററി ഫെസ്റ്റിവലിൽ സംസാരിച്ചത് റിപ്പോർട്ട് ചെയ്തപ്പോൾ സൂക്ഷ്മതക്കുറവ് ഉണ്ടായിട്ടുണ്ട്. അതിൽ നിർവ്യാജം ഖേദിക്കുന്നു.
- എഡിറ്റർ

MEDIA one
15-05-2023

നേതൃമാറ്റം വേണമെന്ന് എതിർചേരി

ജനറൽ സെക്രട്ടറിമാരെ മാറ്റാൻ കെ സുരേന്ദ്രൻ

- എ നാഗേഷ്, വി വി രാജേഷ് എന്നിവർക്കായാണ് നീക്കം

വി എസ് വിഷ്ണു പ്രസാദ്

തിരുവനന്തപുരം

കർണാടക തെരഞ്ഞെടുപ്പ് തിരിച്ചടിയെ തുടർന്ന് കേരള ബിജെപിയിലും നേതൃമാറ്റം വേണമെന്ന ആവശ്യം ശക്തമാകുന്നു. കെ സുരേന്ദ്രൻ അധ്യക്ഷപദവിയിൽ മൂന്നുവർഷം പൂർത്തിയാക്കിയ സാഹചര്യത്തിലാണ് എതിർപക്ഷത്തിന്റെ നീക്കം. അധ്യക്ഷപദവിയിൽ രണ്ടാമൂഴത്തിന് തയ്യാറെടുക്കുന്ന കെ സുരേന്ദ്രൻ തന്റെ ടീമിനെ ശക്തിപ്പെടുത്താൻ നീക്കം തുടങ്ങി. എ നാഗേഷ് (തൃശൂർ), വി വി രാജേഷ് എന്നിവരെ സംസ്ഥാന ജനറൽ സെക്രട്ടറിമാരാക്കാനാണ് നീക്കം.

കർണാടകത്തിന്റെ സ്ഥാനാർഥിപ്പട്ടിക ഉൾപ്പെടെ നിശ്ചയിച്ച ദേശീയ സംഘടനാ സെക്രട്ടറി ബി എൽ സന്തോഷിനെതിരെ അവിടത്തെ നേതാക്കൾ ആക്രമണം ആരംഭിച്ചുകഴിഞ്ഞു. എട്ടുവർഷമായി കേരളത്തിന്റെ ചുമതലയുള്ള സന്തോഷ്, അനുയായികൾക്കുമാത്രം പദവികൾ നൽകുന്നുവെന്നാണ് ആക്ഷേപം. വി മുരളീധരൻ, കെ സുരേന്ദ്രൻ തുടങ്ങിയവർ ബി എൽ സന്തോഷിന്റെ പക്ഷക്കാരാണ്. ഈ കൂട്ടുകെട്ടിന് കേരളത്തിൽ മുന്നേറ്റമുണ്ടാക്കാൻ ആകുന്നില്ല എന്നാണ് മറുപക്ഷത്തിന്റെ ആരോപണം. കർണാടകത്തിലെ അവസരം മുതലെടുത്ത്, കേരളത്തിന്റെ ചുമതലയിൽനിന്ന് സന്തോഷിനെ നീക്കണമെന്ന ആവശ്യം ദേശീയ നേതൃത്വത്തിനു മുന്നിൽ അവതരിപ്പിക്കാനും സുരേന്ദ്രൻവിരുദ്ധ ചേരി ശ്രമിച്ചേക്കും.

തുടർച്ചയായ തെരഞ്ഞെടുപ്പു തോൽവികളും പാർടിക്ക് നാണക്കേടുണ്ടാക്കിയ കേസുകളും ഏൽപ്പിച്ച ആഘാതത്തിൽനിന്ന് കരകയറാൻ പുതിയ അധ്യക്ഷനെ നിയോഗിച്ച് പാർലമെന്റ് തെരഞ്ഞെടുപ്പിന് തയ്യാറാകണമെന്നാണ് വിമതപക്ഷത്തിന്റെ ആവശ്യം.

ആരോഗ്യവകുപ്പ് റിപ്പോർട്ട്

സുരക്ഷയ്ക്ക് വിമുക്തസൈനികരെ നിയമിക്കണം

- സ്വകാര്യ ഏജൻസികളിൽ നിന്ന് ചുമതല മാറ്റണം

സ്വന്തം ലേഖകൻ

കൊല്ലം

ആശുപത്രിയിലെ സുരക്ഷാജീവനക്കാരുടെ കാര്യത്തിൽ പുനഃപരിശോധന വേണമെന്ന് ഡോ. വന്ദന ദാസിന്റെ കൊലപാതകത്തിനിടയാക്കിയ സംഭവങ്ങളെക്കുറിച്ച് അന്വേഷിച്ച ആരോഗ്യവകുപ്പ് റിപ്പോർട്ടിൽ ശുപാർശ. സ്വകാര്യ ഏജൻസികളിൽനിന്ന് സുരക്ഷാചുമതല മാറ്റി നിയമനം വിമുക്തസൈനികർക്കു മാത്രമാക്കണം. വ്യവസായ സംരക്ഷണസേനയിലെ വിരമിച്ച ഉദ്യോഗസ്ഥരുടെ സേവനവും പരിഗണിക്കാം.

കൊല്ലം ഡെപ്യൂട്ടി ഡിഎംഒയും ആരോഗ്യവകുപ്പ് വിജിലൻസ് നോഡൽ ഓഫീസറുമായ സാജൻ മാത്യുവാണ് ആരോഗ്യ ഡയറക്ടർ, ആരോഗ്യ വിജിലൻസ് അഡീഷണൽ ഡയറക്ടർ എന്നിവർക്ക് റിപ്പോർട്ട് നൽകിയത്.

അക്രമി രക്ഷപ്പെടരുതെന്ന ലക്ഷ്യത്തോടെ അത്യാഹിതവിഭാഗത്തിനു പുറത്തേക്കുള്ള വാതിൽ അടച്ചത് കൊലപാതകത്തിന് പ്രതിക്ക് കൂടുതൽ അവസരമായതായി റിപ്പോർട്ടിലുണ്ട്. സംഭവം നടക്കുന്ന സമയത്തെ ഡ്യൂട്ടി ചുമതലക്കാർക്ക് ജാഗ്രതക്കുറവുണ്ടായി. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ പൗർണമി, ഡ്യൂട്ടി ഡോക്ടർ മിന്റു എന്നിവർക്കായിരുന്നു ആശുപത്രി ചുമതല. സന്ദീപിനെ എത്തിക്കുമ്പോൾ ഹൗസ് സർജന്മാരായ വന്ദന ദാസും ഷിബിനും മാത്രമാണ് ഉണ്ടായിരുന്നത്.

60 ദിവസത്തിനകം കുറ്റപത്രം സമർപ്പിക്കും: എഡിജിപി

കൊല്ലം

ഡോ. വന്ദന ദാസ് കൊലപാതകക്കേസിൽ 60 ദിവസത്തിനകം കോടതിയിൽ കുറ്റപത്രം സമർപ്പിക്കുമെന്ന് എഡിജിപി എം ആർ അജിത്കുമാർ. കേസിൽ സമഗ്രവും കൃത്യവുമായ അന്വേഷണം നടക്കുന്നു. പൊലീസിന്റെ ഭാഗത്ത് വീഴ്ചയില്ല. സംഭവസ്ഥലത്ത് ഉണ്ടായിരുന്ന ഹൗസ് സർജൻ ആദ്യം നൽകിയ മൊഴിയുടെ അടിസ്ഥാനത്തിലാണ് എഫ്ഐഎസ് തയ്യാറാക്കിയത്. ഇത് അന്വേഷക സംഘം പരിശോധിച്ചു. കൂടുതൽ വ്യക്തമായ വിവരങ്ങൾ എഫ്ഐആറിൽ ഉറപ്പാക്കും. ശാസ്ത്രീയമായ എല്ലാ തെളിവുകളും ശേഖരിക്കും. കുറ്റമറ്റനിലയിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുമെന്നും അദ്ദേഹം പറഞ്ഞു.

സന്ദീപിനെ ഇന്ന് കസ്റ്റഡിയിൽ വിടും

സ്വന്തം ലേഖകൻ

കൊല്ലം

ഡോ. വന്ദന ദാസ് കൊലക്കേസിൽ റിമാൻഡിലുള്ള പ്രതി സന്ദീപിനെ ചൊവ്വാഴ്ച ക്രൈംബ്രാഞ്ചിന്റെ കസ്റ്റഡിയിൽ വിടും. കേസ് അന്വേഷിക്കുന്ന ക്രൈംബ്രാഞ്ച് സംഘം ആവശ്യപ്പെട്ട പ്രകാരം കൊട്ടാരക്കര ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് സിബി രാജേഷ് പ്രൊഡക്ഷൻ വാറന്റ് പുറപ്പെടുവിച്ചു. ചൊവ്വാഴ്ച കോടതിയിൽ ഹാജരാക്കിയശേഷം കസ്റ്റഡിയിൽ വിട്ടുനൽകും.

പ്രതിയെ ഹാജരാക്കുമ്പോൾ പൊലീസ് സംരക്ഷണം ഉറപ്പാക്കണമെന്ന് കോടതി നിർദേശിച്ചു. സന്ദീപിനെ കാണാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അഡ്വ. ബി എ ആളൂരിനുവേണ്ടി തിരുവല്ലയിൽനിന്നുള്ള അഭിഭാഷകൻ അപേക്ഷ സമർപ്പിച്ചെങ്കിലും കോടതി അനുവദിച്ചില്ല.

ഡോക്ടറെ കൊലപ്പെടുത്താൻ ഉപയോഗിച്ച ആയുധവും മുറിവിന്റെ സ്വഭാവവും അന്വേഷകസംഘം പരിശോധിച്ചു. സംഭവസ്ഥലത്തുനിന്ന് ശേഖരിച്ച രക്തം ഫോറൻസിക് ലാബിൽ അയച്ചു. സന്ദീപിന്റെ മൊബൈൽ ഫോൺ പരിശോധിക്കാനും നടപടിയായി.

തിരുവനന്തപുരത്ത് കിംസ് ആശുപത്രിയിൽ വന്ദനയെ ചികിത്സിച്ച ഡോക്ടർമാർ, മെഡിക്കൽകോളേജിൽ പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർമാർ എന്നിവരുടെ മൊഴി അന്വേഷണച്ചുമതലയുള്ള ഡിവൈഎസ്പി എം എം ജോസ് രേഖപ്പെടുത്തി. സന്ദീപിനെ ആശുപത്രിയിൽ എത്തിച്ച അയൽവാസി ബിനുവിന്റെ മൊഴിയെടുത്തു. ഉന്നത പൊലീസ് ഉദ്യോഗസ്ഥർ അന്വേഷണ പുരോഗതി വിലയിരുത്തി.